(ഡി) ലോകായുക്ത ഈ വിഷയത്തിൽ ഒരു അന്വേഷണം നടത്തി വരുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമത്തിന്റെ Sn.8(1)(h) പ്രകാരം മിന്നൽ പരിശോധനാ റിപ്പോർട്ട് നൽകുന്നത് നിയമാനുസൃതമല്ല.

വർഗ്ഗീയ സംഘട്ടനങ്ങൾ

196 (3017) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു ; വർഗ്ഗീയ സംഘർഷം ഇപ്പോഴും നിലനിൽക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കുന്ന സംഘടനകളെ നിരീക്ഷിക്കുന്നുണ്ടോ ;

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 215 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നു. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തുനിന്നും ഇപ്പോൾ വർഗ്ഗീയ സംഘർഷം നിലവിലില്ല.

(ബി) വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് ആരോപിക്കപ്പെടുന്ന സംഘടനകളെ നിരീക്ഷിച്ചുവരുന്നു.

(സി) ഇത്തരം സംഘടനകൾക്കെതിരെ മതനിരപേക്ഷ നിലപാടുകളിൽ നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർഗ്ഗീയ, രാഷ്ട്രീയ സംഘർഷങ്ങളുടെ നിയന്ത്രണം

197 (3018) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly